(4) സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. വിശ്വൻ : സർ, കായികരംഗത്തെ നമ്മുടെ വളർച്ചയെക്കുറിച്ചും ഉണ്ടാകാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ചുമൊക്കെ നിരവധി ചർച്ചകളും പ്രഖ്യാപനങ്ങളുമൊക്കെ വന്നുകഴിഞ്ഞിരിക്കുകയാണ്. എന്നാൽ വളരെ ചെറുപ്പത്തിലെ വിദ്യാർത്ഥികൾക്ക് കായിക രംഗത്ത് മുന്നേറാൻ കഴിയണമെങ്കിൽ അവർക്ക് ട്രെയിനിംഗ് കൊടുക്കേണ്ടതുണ്ട് ; അതിന് ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കേണ്ടതായിട്ടുണ്ട്. അതാണ് എന്റെ ആവശ്യം. അതുപോലെതന്നെ, കേരളത്തിൽ അഞ്ചും പത്തും വർഷക്കാലമായി ഈ രംഗത്ത് പണിയെടുക്കുന്നവർ ഇന്നും അംഗീകാരം കിട്ടാതെ അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. ഇൻഡ്യയിലെ അഭിമാനമായിട്ടുള്ള പി.ടി. ഉഷ തന്നെ ഓടിച്ചാടി പഠിച്ചിട്ടുള്ള യു. പി. സ്കൂളിലെ അധ്യാപിക 8 വർഷമായി അംഗീകാരം ലഭിക്കാതെ നടക്കുകയാണ്. അവർക്ക് അംഗീകാരം കൊടുക്കാനും അതുപോലെതന്നെ എല്ലാ പ്രൈമറി സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കാനും സർക്കാർ നടപടി എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകർ വേണം എന്നുള്ള ആവശ്യം പരക്കെ ഉയർന്നുവന്നിട്ടുണ്ട്. കുട്ടികളുടെ എണ്ണം നോക്കാതെ ഹൈസ്കൂളിലും യു. പി. സ്കൂളുകളിലും പ്രൈമറി സ്കൂളുകളിലും കായികാദ്ധ്യാപകർ ഉണ്ടാകണമെന്നുള്ള ആവശ്യം വളരെ യുക്തിസഹമായിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ ഹൈസ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കാൻ വ്യവസ്ഥയുണ്ട്. കുട്ടികളുടെ എണ്ണം നോക്കേണ്ടതില്ല. എന്നാൽ അപ്പർ പ്രൈമറി സ്കൂളുകളിൽ 500 വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമേ ഒരു കായികാദ്ധ്യാപകന്റെ തസ്തിക അനുവദിക്കുകയുള്ളൂ. ലോവർ പ്രൈമറി സ്കൂളുകളിൽ കായികാദ്ധ്യാപകന്റെ തസ്തിക ഇപ്പോൾ നിലവിലില്ല. ഏത് ക്ലാസിൽ പഠിക്കുന്നു എന്നുനോക്കാതെ കുട്ടികളെ ഈ രംഗത്ത് പരിശീലിപ്പിക്കേണ്ടതുണ്ട് എന്നുള്ളത് ഗവൺമെന്റ് പരിഗണിച്ചു വരികയാണ്. ചില റിട്ടയർമെന്റ് വേക്കൻസികളുണ്ട്. റിട്ടയർ ചെയ്താൽ ആ പോസ്റ്റ് നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടായിരുന്നു. അവിടെയൊക്കെ നിയമിച്ച അദ്ധ്യാപകരുടെ പ്രശ്നം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ കാര്യം ഗൗരവമായിട്ട് എടുത്ത് ഗവൺമെന്റ് മുന്നോട്ടു നീങ്ങുന്നതാണ്.

(5) ആലപ്പുഴ മുതൽ പള്ളിത്തോടുവരെയുള്ള തീരദേശ റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ ആലപ്പുഴ ജില്ലയിലെ തീരദേശത്തോട് പൊതുമരാമത്ത് വകുപ്പ് കാണിക്കുന്ന നിരന്തരമായ അവഗണനയാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആലപ്പുഴ-ഫോർട്ട് കൊച്ചി റോഡ്, മാരാരിക്കുളം, ചേർത്തല, അരൂർ എന്നീ നിയോജകമണ്ഡലത്തിൽ കൂടെ കടന്നുപോകുന്നു. ഈ റോഡിലൂടെ ഇപ്പോൾ കാൽനടക്കാർക്കുപോലും സഞ്ചരിക്കാൻ പറ്റാത്ത സ്ഥിതിയാണ്. അനുദിനം വർദ്ധിച്ചുവരുന്ന കുണ്ടുംകുഴികളും കാരണം ബസ് സർവ്വീസ് പല ഭാഗങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

റൂട്ട് മാറ്റിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തീരദേശത്തെ ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് അക്ഷരാർത്ഥത്തിൽ ഗതാഗത സൗകര്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ആലപ്പുഴ ജില്ലയോടും തീരദേശത്തോടും എന്തിനാണ് അവഗണന കാണിക്കുന്നത് ? കഴിഞ്ഞ 3 വർഷങ്ങളായി ആലപ്പുഴ ജില്ലയ്ക്ക് അനുവദിക്കുന്ന പൊതുമരാമത്തു വകുപ്പിന്റെ തുകയിൽ നിന്നും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള വീതാംശം നൽകുന്നില്ല. കഴിഞ്ഞ 3 വർഷമായി തീരദേശ റോഡിന്റെ അറ്റുകുറ്റപ്പണി ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തണമെന്നാണ് എന്റെ അപേക്ഷ. കൂടാതെ ഈ റോഡ് നാഷണൽ ഹൈവേയ്ക്ക് സമാന്തരമായി കിടക്കുകയാണ്. ഇത് സ്റ്റേറ്റ് ഹൈവേയായിട്ട് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് കേന്ദ്ര സഹായത്തോടുകൂടി സ്റ്റേറ്റ് ഹൈവേയാക്കി കൊടുക്കാൻ ലിസ്റ്റിൽപ്പെടുത്തിയതാണ്. പക്ഷെ അത് അനുവദിച്ചിട്ടില്ല. ഈ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ വിഷയം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഗൗരിയമ്മ ഉന്നയിച്ചതാണ്. അതിന് ഞാൻ മറുപടിയും പറഞ്ഞതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾതന്നെ ഈ റോഡ് വളരെ മോശമാണ്. കഴിഞ്ഞ ഗവൺമെന്റും അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. അതുകൊണ്ടാണ്, ഈ പ്രശ്നത്തിൽ ഓരോ റീച്ചുകളായിട്ടെടുത്താണ് വർക്കുകളൊക്കെ ടെന്റർ ചെയ്യുന്നത്. ടെന്റർ ചെയ്ത വർക്കുകൾക്ക് നിശ്ചിത ശതമാനം കൂട്ടി ടെന്റർ കമ്മിറ്റി അംഗീകാരം കൊടുത്തതിനു ശേഷം കോൺട്രാക്റ്റേഴ്സ് എഗ്രിമെന്റ് വയ്ക്കാതിരിക്കുക, വീണ്ടും ടെന്റർ ചെയ്യുക. ആ നടപടിയല്ലേ നമുക്ക് സ്വീകരിക്കാൻ കഴിയൂ. ഇതൊക്കെയാണെങ്കിലും മഴക്കാലത്തും പ്രശ്നമുണ്ടായാൽ ബസ് ഓടത്തക്കവണ്ണം അടിയന്തരമായ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള ഏർപ്പാടാക്കി. മറ്റു റീച്ചുകളുടെ കാര്യത്തിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു അലംഭാവവും ഉണ്ടാവുകയില്ല. ടെന്റർ ചെയ്ത വർക്കുകൾ നടത്തുന്നതിനുള്ള നടപടികൾ എല്ലാ റീച്ചുകളെ സംബന്ധിച്ചും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും റീച്ച് വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് ടെന്റർ ചെയ്യാനുള്ള നടപടി സ്വീകരിക്കും, അത് പ്രത്യേകം പരിശോധിക്കാം.

(6) മഞ്ചേരി മണ്ഡലത്തിലെ അരീക്കോട് ആശുപത്രി വികസനം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ആതുരചികിത്സാ രംഗത്തുള്ള വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലേയ്ക്ക് ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അരീക്കോട് ആശുപത്രി നാലഞ്ചു പഞ്ചായത്തുകളിലെ സാധാരണക്കാരുടെ ഏക ആശ്രയമാണ്. അതിന്റെ വികസനത്തിനുവേണ്ടി എച്ച്. ഡി. സിയും നാട്ടുകാരും സർവകക്ഷിയും നിരന്തരമായ നിവേദനങ്ങൾ നടത്തിയിട്ടും യാതൊരു ചലനവും ഉണ്ടായിട്ടില്ല. പാർലമെന്റ് മെമ്പർ ശ്രീ. ഇ. അഹമ്മദിന്റെ എം. പി. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ഒരു വാർഡു നിർമ്മിക്കാൻ അനുവദിച്ച് പണം നൽകിയിട്ടുണ്ടെങ്കിലും ആവശ്യമായ സ്റ്റാഫും അതുപോലെ മറ്റുപകരണങ്ങളും നൽകാത്തതിന്റെ

LIBRARY ARCHIVES Kerala Legislative Assembly